**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1779** **15-03-2022 - ൽ മറുപടിയ്ക്ക്**

**കല്ലമ്പലം ജംഗ്‌ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ പാതയിലെ കല്ലമ്പലം ജംഗ്‌ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് വേണ്ടി റോഡ് സേഫ്റ്റി അതോറിറ്റി അംഗീകരിച്ച പ്രൊപ്പോസലിൻമേൽ വിശദമായ പഠനം നടത്തി നാറ്റ്പാക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 18.02.2020-ൽ കല്ലമ്പലം ജംഗ്‌ഷനിൽ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പഠന റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ട് പ്രകാരം കല്ലമ്പലം ജംഗ്‌ഷന്റെ ട്രാഫിക് സിഗ്നൽ സ്ഥാപിക്കുന്നതിന് മുന്നോടിയായി ജംഗ്‌ഷനിൽ ആവശ്യമായ ഘടനാമാറ്റങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥലത്ത് അപകടങ്ങളുടെ തോത് വർദ്ധിക്കുന്നതിനാൽ അടിയന്തരമായി ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | നടപടികൾ സ്വീകരിച്ച് വരുന്നു. നാറ്റ്പാക് സമർപ്പിച്ച പഠന റിപ്പോർട്ട് പ്രകാരം കല്ലമ്പലം ജംഗ്‌ഷന്റെ ഘടനയിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഘടന മാറ്റങ്ങൾ വരുത്തുന്നതിനായി പൊതുമരാമത്ത് (ദേശീയ പാത) ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ